പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.7578 — 17.7.2012 ൽ മറുപടിയ്ക്ക്

## വികലാംഗർക്ക് വായ്പാ തിരിച്ചടവിൽ ആനുകൂല്യം

ചോദ്യം — മറുപടി

ശ്രീ.വി.റ്റി.ബൽറാം — ഡോ.എം.കെ.മുനീർ (പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പ് മന്ത്രി)

| ചോദ്യം | മറുപടി |
| --- | --- |
| (എ) സംസ്ഥാന വികലാംഗ കോർപ്പറേഷനിൽ നിന്നും വായ്പകൾ അനുവദിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ; | (എ)കേരള സംസ്ഥാന വികലാംഗ കോർപ്പറേഷനിൽ നിന്നും രണ്ടുതരം സ്വയംതൊഴിൽ വായ്പകൾ നൽകുന്നു.(1) സംസ്ഥാന ഗവൺമെന്റിന്റെ സബ്സിഡിയോടു കൂടിയ ബാങ്ക് ലോൺ (2) കേന്ദ്ര ഗവൺമെന്റിന്റെ കുറഞ്ഞ പലിശ നിരക്കിലുള്ള എൻ.എച്ച്.എഫ്.ഡി.സി വായ്പ. പ്രസ്തുത വായ്പകൾ അനുവദിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ ചുവടെ ചേർക്കുന്നു.<br>I. <u>ബാങ്ക് ലോൺ വായ്പ-</u><br>1. അപേക്ഷകർ 18 നും 60 നും വയസ്സിനുമിടയിലുള്ളവർ ആയിരിക്കണം.<br>2. 40% അംഗവൈകല്യമുള്ള മെഡിക്കൽ ബോർഡിന്റെ സർട്ടിഫിക്കറ്റ് ഉള്ളവരായിരിക്കണം.<br>3. അതാത് ബാങ്കിന്റെ സർവ്വീസ് ഏരിയയിലുള്ളവർ ആയിരിക്കണം.<br>4. നിർദ്ദിഷ്ട അപേക്ഷാഫാറം കോർപ്പറേഷന്റെ ഓഫീസുകളിൽ ലഭിക്കും. അവ പൂരിപ്പിച്ച് അതോടൊപ്പം മെഡിക്കൽ ബോർഡ് സർട്ടിഫിക്കറ്റ് , റേഷൻ കാർഡ് എന്നിവയുടെ അറ്റസ്റ്റ് ചെയ്ത കോപ്പിയും, രണ്ട് പാസ്പോർട്ട് സൈസ് ഫോട്ടോയും കോർപ്പറേഷൻ ഓഫീസിൽ ഹാജരാക്കണം.<br>5. ബാങ്കിലേയ്ക്ക് കോർപ്പറേഷൻ ശുപാർശ ചെയ്ത ശേഷം പ്രസ്തുത വിവരം |

അപേക്ഷകനെ അറിയിക്കുന്നതാണ്. അപേക്ഷകൻ ബാങ്ക് നിർദ്ദേശിക്കുന്ന വ്യവസ്ഥകൾ പാലിക്കേണ്ടതാണ്. അപേക്ഷകന് ലോൺ അനുവദിച്ച വിവരം ബാങ്ക് കോർപ്പറേഷനെ അറിയിക്കുമ്പോൾ ആനുപാതികമായ സബ്സിഡി ബാങ്കിന് കോർപ്പറേഷൻ അയച്ചു കൊടുക്കുന്നതാണ്. പ്രസ്തുത ലോണിന്റെ തിരിച്ചടവ് കാലാവധി, മാസതവണ, പലിശ എന്നിവ നിശ്ചയിക്കുന്നത് ബാങ്കാണ്.

II. എൻ.എച്ച്.എഫ്.ഡി.സി വായ്പകൾ

1. അപേക്ഷകർ 40% ൽ കുറയാത്ത അംഗവൈകല്യമുള്ളവർ ആയിരിക്കണം.

2. അപേക്ഷകർ 18 നും 60 നും മദ്ധ്യേ പ്രായ പരിധിയുള്ളവർ ആയിരിക്കണം.

3. വില്ലേജ് ആഫീസിൽ നിന്നും വരുമാന സർട്ടിഫിക്കറ്റ് -ഗ്രാമ പ്രദേശങ്ങളിലുള്ളവർക്ക് 3 ലക്ഷം രൂപയും നഗര പ്രദേശങ്ങളിലുള്ളവർക്ക് 5 ലക്ഷം രൂപയും കവിയാൻ പാടില്ല.

4. വയസ്സ് തെളിയിക്കുന്ന സർട്ടിഫിക്കറ്റ്

5. വിദ്യാഭ്യാസ യോഗ്യത തെളിയിക്കുന്ന സർട്ടിഫിക്കറ്റ് (പ്രോജക്ട് പ്രൊപ്പോസൽ അനുസരിച്ച്)

6. ജാതി തെളിയിക്കുന്ന സർട്ടിഫിക്കറ്റ് (എസ്.സി./ എസ്.റ്റി/ ഒബിസി)

7. ഇതേ ആവശ്യത്തിന് മറ്റ് സർക്കാർ ഏജൻസിയിൽ നിന്നും വായ്പ ലഭിച്ചിട്ടില്ലെന്ന് വ്യക്തമാക്കുന്ന നിർദ്ദിഷ്ട മാതൃകയിലുള്ള സത്യവാങ്മൂലം

8. റേഷൻ കാർഡിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പ്

9. പാസ്പോർട്ട് സൈസ് ഫോട്ടോ- 2 എണ്ണം

10. വൈകല്യം വ്യക്തമാക്കുന്ന രീതിയിലുള്ള പൂർണ്ണമായ ഫോട്ടോ-2 എണ്ണം

11. മാനസിക/ സെറിബ്രൽ പാൾസി അസുഖമുള്ള വ്യക്തികളുടെ രക്ഷകർത്താക്കൾക്ക് അപേക്ഷിക്കാവുന്നതാണ്.

| | |
|---|---|
| | 12. പദ്ധതി തുടങ്ങുന്നതിനാവശ്യമായ സാധനങ്ങളുടെ/ ഉപകരണങ്ങളുടെ ക്വട്ടേഷൻ<br>13. പദ്ധതി ആരംഭിക്കുന്നത് വാടക കെട്ടിടത്തിലാണെങ്കിൽ കെട്ടിട ഉടമയുടെ സമ്മത പത്രം.<br><u>വായ്പയ്ക്ക് വസ്തു ജാമ്യമാണെങ്കിൽ താഴെ പറയുന്ന രേഖകൾ ഹാജരാക്കണം (കൂടിക്കാഴ്ച സമയത്ത്)</u><br>1. വസ്തുവിന്റെ അസ്സൽ പ്രമാണം.<br>2. പതിമൂന്നു കൊല്ലത്തെ കുടിക്കട/ ബാദ്ധ്യതാ സർട്ടിഫിക്കറ്റ്.<br>3. കൈവശ അവകാശ സർട്ടിഫിക്കറ്റ്.<br>4. കരം അടച്ച രസീത്<br>5. തഹസീൽ ദാരിൽ നിന്നുള്ള വസ്തുവിന്റെ വാല്വേഷൻ സർട്ടിഫിക്കറ്റ് (വിലയുടെ 70% ലോൺ നൽകും)<br>6. വസ്തുവിന്റെ ലൊക്കേഷൻ സർട്ടിഫിക്കറ്റ്<br>7. വസ്തു സ്വന്തമല്ലെങ്കിൽ വസ്തു ഉടമയുടെ സമ്മത പത്രം.<br>ഉദ്യോഗസ്ഥ ജാമ്യമാണെങ്കിൽ നിർദ്ദിഷ്ട ഫാറത്തിൽ ജാമ്യം നിൽക്കുന്ന സംസ്ഥാന ഗവൺമെന്റ് ഉദ്യോഗസ്ഥന്റെ മേലുദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തി പേരും, ഒപ്പും, ഓഫീസ് മുദ്രയും വച്ച് നൽകേണ്ടതാണ്. ജാമ്യം നിൽക്കുന്ന ഉദ്യോഗസ്ഥന് ലോൺ കാലാവധി കഴിഞ്ഞ് ഒരു വർഷമെങ്കിലും അധികം സർവ്വീസ് ഉണ്ടായിരിക്കണം. നിർദ്ദിഷ്ട അപേക്ഷാ ഫാറം കോർപ്പറേഷൻ ഓഫീസിൽ നിന്നും ലഭിക്കുന്നതാണ്. |
| (ബി) വായ്പ കുടിശ്ശിക വരുത്തിയവരിൽ നിന്നും തുക ഈടാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചു വരുന്നത്; | (ബി) ശമ്പള ജാമ്യം നൽകിയവർക്ക് ലോൺ കുടിശ്ശിക ശമ്പളത്തിൽ നിന്നും ഈടാക്കുന്നതിനായി ശമ്പള റിക്കവറിക്കായി നോട്ടീസ് അയയ്ക്കുന്നതാണ്. വസ്തു ജാമ്യം നൽകിയവർക്ക് കുടിശ്ശിക ഈടാക്കുന്നതിനായി റവന്യൂ റിക്കവറി നടപടികൾ ആരംഭിക്കുന്നതാണ്. |

| | |
|---|---|
| (സി) കാർഷിക കടാശ്വാസ പരിധിയിൽ ഉൾപ്പെട്ടിട്ടുള്ള കാർഷിക വായ്പകളിൽ കൃഷി നാശത്തെത്തുടർന്ന് തിരിച്ചടവിൽ വീഴ്ച വരുത്തിയ വികലാംഗർക്ക് ആനുകൂല്യങ്ങൾ നൽകുന്നുണ്ടോ; | (സി) കോർപ്പറേഷൻ ശുപാർശ ചെയ്ത് നൽകുന്ന ബാങ്ക് വായ്പകൾക്ക് ഇളവ് അനുവദിക്കാൻ ബാങ്കുകൾക്ക് മാത്രമേ അധികാരമുള്ളൂ.<br>കോർപ്പറേഷൻ വഴി നൽകുന്ന എൻ.എച്ച്.എഫ്.ഡി.സി വായ്പകൾ പലിശ ഇളവ് ചെയ്യുവാനോ ലോൺ എഴുതി തള്ളുവാനോ കോർപ്പറേഷന് അധികാരമില്ല. |
| (ഡി)ഇല്ലെങ്കിൽ ആനുകൂല്യങ്ങൾ നൽകുന്ന കാര്യം പരിഗണിക്കുമോ; | (ഡി) ബാധകമല്ല. |
| (ഇ) വീഴ്ച വരുത്തിയവർക്കെതിരെ സ്വീകരിച്ചിരിക്കുന്ന റവന്യൂ റിക്കവറി നടപടികൾ ഒഴിവാക്കുന്നതിന് നടപടി സ്വീകരിക്കുമോ? | (ഇ) ലോൺ അടയ്ക്കുന്നതിൽ ഗുരുതരമായി വീഴ്ച വരുത്തിയിട്ടുള്ളവർക്കെതിരെയുള്ളറവന്യൂ റിക്കവറി നടപടികൾ ഒഴിവാക്കുന്നതിന് നടപടി സ്വീകരിക്കാതിരിക്കാൻ നിർവ്വാഹമില്ല. |

സെക്ഷൻ ഓഫീസർ